# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3404 | | 08.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്രധാന നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പുരുഷൻ കടലുണ്ടി | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | മഴയെത്തുടർന്ന് കൊച്ചി നഗരത്തിലുണ്ടായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഓപ്പറേഷൻ ബ്രേക്ക് ത്രൂ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ദുരന്തനിവാരണ നിയമമനുസരിച്ച് വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തര നടപടിക്കായ് മുഖ്യമന്ത്രി ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. |
| (ബി) | കോടതി നിർദ്ദേശം ഉണ്ടായിട്ടും കൊച്ചി കോർപ്പറേഷൻ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കാതിരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി വിജയകരമായി നടപ്പാക്കിയ ഓപ്പറേഷൻ അനന്ത മാതൃകയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ കൊച്ചി നഗരത്തിലുണ്ടായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. |
| (സി) | കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും നിർദ്ദേശം നൽകാമോ; വ്യക്തമാക്കുമോ? | (സി) | കനത്ത മഴയെ തുടർന്ന് കൊച്ചിയിലുണ്ടായ വെള്ളക്കെട്ടിന്റെ പശ്ചാത്തലത്തിൽ കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ